# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5156 06.02.2014-ൽ മറുപടിയ്ക്ക്

### നിരോധിത സംഘടനകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ഏതെങ്കിലും സംഘടനകളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര സംഘടനകൾ ; അവ ഏതെല്ലാം ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ഒരു സംഘടനയുടെയും പ്രവർത്തനം നിരോധിച്ചിട്ടില്ല. |
| ബി) സംസ്ഥാനത്ത് ഭീകരവാദ – തീവ്രവാദ പ്രവർത്തനങ്ങൾ യാതൊരു രൂപത്തിലും ഇല്ലെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടുണ്ടോ ? | (ബി) സംസ്ഥാനത്ത് മത-മൗലികവാദ സംഘടനകളെയും ഇടതുപക്ഷ തീവ്രവാദ സംഘടനകളെയും അവയുടെ പ്രവർത്തനങ്ങളെയും സംസ്ഥാന ഇന്റലിജൻസ് വിഭാഗവും ജില്ലാ രഹസ്യാന്വേഷണ വിഭാഗവും നിരന്തരം ജാഗ്രതയോടെ നിരീക്ഷിച്ചു വരുന്നു. ലഭ്യമാകുന്ന വിവരങ്ങൾ അതാതു സമയം സർക്കാരിനെ അറിയിക്കുകയും കൂടാതെ, ലോക്കൽ പോലീസിന് കൈമാറി വേണ്ട നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഈ സംഘടനകൾ ഏതൊക്കെയാണെന്നോ, അവയുടെ പ്രവർത്തന രീതി എന്തൊക്കെയാണെന്നോ ദേശ സുരക്ഷയെക്കരുതി വെളിപ്പെടുത്താനാവില്ല. |

സെക്ഷൻ ഓഫീസർ